താ മൻമനസ്കാ മത് പ്രാണാ മദർത്ഥേ ത്യക്തദൈഹികാ:
മാമേവ ദയിതം പ്രേഷ്ഠമാത്മാനം മനസാ ഗതാ:
യേത്യക്തലോകധർമ്മാശ്ച മദർത്ഥേ താൻ ബിഭർമ്മ്യഹം (10-46-4)
യുവയോരേവ നൈവായമാത്മജോ ഭഗവാൻ ഹരി:
സർവേഷാമാത്മജോ ഹ്യാത്മാ പിതാ മാതാ സ ഈശ്വര: (10-46-42)

*ശുകമുനി തുടർന്നു:*
ഉദ്ധവൻ കൃഷ്ണൻെറ ആത്മമിത്രമായിരുന്നു. ഒരു ദിവസം കൃഷ്ണൻ ഉദ്ധവനോട് പറഞ്ഞു. 'സുഹൃത്തേ വൃന്ദാവനം വരെ ഒന്നു പോയി വരൂ. അങ്ങിനെ എനിയക്കു വേണ്ടി അവിടെയുള്ള ഗോപികമാർക്ക് അൽപ്പം ആശ്വാസം നൽകിയാലും. വൃജത്തിലെ സ്ത്രീജനങ്ങൾ എന്നെ പിരിഞ്ഞതിലുള്ള വിരഹദു:ഖത്തീയിൽ കഴിയുന്നു. എന്നെ വീണ്ടും കാണാൻ കഴിയുമെന്നുള്ള പ്രത്യാശ മാത്രമാണവരെ ജീവിപ്പിക്കുന്നത്. അവരുടെ മനസ്സ് എന്നിൽ വിലീനമായിരിക്കുന്നു. ഞാൻ അവരുടെ ജീവനത്രെ. എനിക്കുവേണ്ടി എല്ലാ ലൗകീകബന്ധങ്ങളും കടമകളും അവരുപേക്ഷിച്ചു. ഞാൻ അവരുടെ ഏകാശ്രയമത്രെ.'

ഉദ്ധവർ ഉടനെ വൃജത്തിലേക്ക് പുറപ്പെട്ടു. പശുക്കൾ പുല്ലു മേഞ്ഞു നടക്കുന്ന നേരത്താണ് ഉദ്ധവർ വൃജത്തിലെത്തിയത്. യാഗാഗ്നിയേയും ബ്രാഹ്മണരേയും ആരാധിച്ചു പൂജിക്കുന്ന വൃജത്തിലെ ഗ്രാമവീഥികളിലൂടെ ഉദ്ധവർ കടന്നുപോയി. ഒടുവിൽ നന്ദഗോപരുടെ വീട്ടിലെത്തി. നന്ദൻ മഥുരയിലെ ബന്ധുമിത്രാദികളുടെ സൗഖ്യമാരാഞ്ഞു. അദ്ദേഹം അതീവ സന്തുഷ്ടനായി പ്രത്യേകിച്ച് ബലരാമനെയും കൃഷ്ണനെയും കുറിച്ച് ചോദിച്ചറിഞ്ഞു. കൃഷ്ണൻെറ ബാല്യകാലലീലകൾ അദ്ദേഹം ഓർമ്മിച്ചു. അവ വൃജവാസികൾക്ക് നിത്യ പാഠമായിരുന്നുവല്ലൊ. വികാരപാരവശ്യം കൊണ്ട് അദ്ദേഹത്തിന് കൃഷ്ണലീലകൾ അധികം വർണ്ണിക്കാനായില്ല. കൃഷ്ണൻെറ കഥകൾ കേട്ട് യശോദ തുടരെ തുടരെ കണ്ണീരൊഴുക്കി വിവശയായിരുന്നു.

അവരുടെ കൃഷ്ണപ്രേമം കണ്ടു മനസ്സലിഞ്ഞ ഉദ്ധവർ പറഞ്ഞു. 'നിങ്ങളുടെ കൃഷ്ണപ്രേമം അന്യാദൃശ്യമത്രെ. ബലരാമനെയും കൃഷ്ണനെയും നിങ്ങൾ സ്വപുത്രൻമാരായി കണക്കാക്കുന്നു എന്നതു ശരിതന്നെയെങ്കിലും യഥാർത്ഥത്തിൽ എല്ലാ സൃഷ്ടികളുടെയും ദ്രവ്യപരവും ഊർജ്ജപരവുമായ കാരണമത്രെ അവർ. അവരെ നിങ്ങൾക്ക് പുത്രൻമാരായി ലഭിച്ചു എന്നത് നിങ്ങളുടെ സൗഭാഗ്യമത്രെ. എന്നാൽ കൃഷ്ണന് അഛനോ അമ്മയോ പുത്രനോ ബന്ധുമിത്രാദികളോ ഇല്ല തന്നെ. കാരണം കൃഷ്ണൻ നിങ്ങൾ കാണുന്ന ആ ഭൗതീക ശരീരമല്ല. എങ്കിലും അദ്ദേഹം പലേ ജന്തുവർഗ്ഗങ്ങളിൽ അവതാരമെടുക്കുന്നു. കൃഷ്ണൻ നിങ്ങളുടെ മകൻ മാത്രമല്ല. അദ്ദേഹം ഭഗവാൻ ഹരിയാണ്. എല്ലാത്തിൻേറയും ആത്മസത്തയും എല്ലാവരുടെയും മകനുമത്രേ കൃഷ്ണൻ. അല്ലാ അദ്ദേഹം എല്ലാവരുടേയും അഛനും അമ്മയും ഭഗവാനുമത്രെ. യാതൊന്നു കാണപ്പെടുന്നുവോ കേൾക്കപ്പെടുന്നുവോ ചരമോ അചരമോ ചെറുതോ വലുതോ അതെല്ലാം ഭൂതവർത്തമാനഭാവികാലങ്ങളിൽ നിലനിൽക്കുന്നതെന്തോ അതെല്ലാം ഭഗവാൻ കൃഷ്ണനിൽ നിന്നും വേറിട്ടു നിലനിൽക്കുന്നില്ല. ഭഗവാൻ സ്വയം എല്ലാറ്റിൻേറയും ഉള്ളിലെ സത്യസ്വരൂപമത്രെ.' ഇങ്ങിനെ കൃഷ്ണനെപ്പറ്റി പറഞ്ഞുകൊണ്ട് അവർ രാത്രി കഴിച്ചു കൂട്ടി.

സൂര്യോദയമായപ്പോൾ നന്ദഗൃഹത്തിനുമുൻപിൽ രാജകീയ വാഹനം കണ്ട് ഗോപികമാർ കൃഷ്ണനെ കൊണ്ടു പോകാൻ അക്രൂരൻ വന്ന കാര്യമോർത്തു. അപ്പോഴാണല്ലൊ തങ്ങളുടെ ജീവനെതന്നെ നീക്കുന്ന മട്ടിൽ അക്രൂരൻ കൃഷ്ണനെ കൊണ്ടുപോയത്. അക്രൂരൻ വീണ്ടും വന്നിരിക്കുകയാണോ എന്നവർ അത്ഭുതപ്പെട്ടു. ഇപ്പോൾ എന്താണയാൾക്കു കൊണ്ടുപോവാനുള്ളത്? ആ സമയത്ത് ഉദ്ധവർ കുളിയും തേവാരവും കഴിഞ്ഞ് നദിക്കരയിൽ നിന്നും മടങ്ങിയെത്തി.